സഞ്ചാരികൾക്ക് 'Life jacket' പോലുള്ള സുരക്ഷാസംവിധാനങ്ങൾ ധരിക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. House Boat Tracking System നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം, ടൂറിസം വാർഡന്മാരുടെ സേവനം, പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ, ടൂറിസം കേന്ദ്രങ്ങളുടെ സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി ജീവൻരക്ഷാ സന്നദ്ധ സേവകൻ പദ്ധതി മുതലായവ നടപ്പിലാക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, വിനോദസഞ്ചാരികൾക്കുണ്ടാകുന്ന ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ കണ്ടിജൻസി റെസ്പോൺസ് സെൽ സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും ടൂറിസം നയത്തിൽ ഉൾക്കൊള്ളുന്നുണ്ട്.

ആലപ്പുഴ ഡി.റ്റി.പി.സി. യിലെ നിയമനം

223 (2433) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഡി.റ്റി.പി.സി യുടെ കീഴിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; അവരുടെ തസ്തിക തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) ഈ ജീവനക്കാർ എങ്ങനെയാണ് നിയമിതരായിട്ടുള്ളത്; വ്യക്തമാക്കാമോ ;

(സി) 2011-2015 മേയ് മാസം വരെ ആലപ്പുഴ ഡി.റ്റി.പി.സി-ൽ എത്ര പേർക്ക് നിയമനം, ഇവരുടെ നിയമനരീതിയുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളിൽ സെക്രട്ടറി തസ്തിക ഒഴിച്ചുള്ള തസ്തികകളിൽ നിയമനം നടത്തുന്നത് . സെക്രട്ടറി തസ്തികയിൽ നിയമനം നടത്തുന്നത് സർക്കാരാണ്. ആലപ്പുഴ ഡി.റ്റി.പി.സി. യുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	നിലവിലുള്ള തസ്തികയുടെ പേര്	എണ്ണം
1	സെക്രട്ടറി	1
2	മാനേജർ	1
3	സൂപ്രണ്ട്	1
4	ക്ലർക്ക്	1
5	ടൈപ്പിസ്റ്റ്	1
6	പ്യൂൺ	1
7	ഇൻഫർമേഷൻ അസിസ്റ്റന്റ്	3
8	റെയിൽവേ ക്ലർക്ക്	1
9	അന്ധകാരനഴിസൂപ്പർവൈസർ	1
10	ഡ്രൈവർ (ബോട്ട്)	2
11	ഡ്രൈവർ(ക്വാളിസ്,ടെമ്പോ)	2
12	ലാസ്കർ	1
13	ഗാർഡനർ	5
14	സ്വീപ്പർ	7
15	ലൈഫ് ഗാർഡ്	4
	ആകെ	32

(സി) 2011-15 കാലയളവിൽ ആലപ്പുഴ ഡി.റ്റി.പി.സി. യുടെ കീഴിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ ചുവടെ ചേർക്കുന്നു :

ഇൻഫർമേഷൻ അസിസ്റ്റന്റ്	-	3
റെയിൽവേ കൗണ്ടർ ക്ലർക്ക്	-	1
അന്ധകാരനഴി വർക്ക് സൂപ്പർ വൈസർ	-	1
ലൈഫ് ഗാർഡ് (ആലപ്പുഴ ബീച്ച്)	-	4

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ നിയമനങ്ങളെല്ലാംതന്നെ പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടത്തിയിട്ടുള്ളത്.

മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ

224 (2434) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷനാക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുമുള്ള പദ്ധതിയുടെ വികസന സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ഡി.റ്റി.പി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അനധികൃത ജലവിനോദ യാത്ര

225 (2435) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ അനധികൃതമായി നടത്തുന്ന ജലവിനോദ യാത്രകൾ സഞ്ചാരികളുടെ ജീവൻ അപഹരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അനധികൃത ജലയാത്രകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) തട്ടേക്കാട്, തേക്കടി, പൂവ്വാർ ബോട്ട് ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ യാത്രാ ബോട്ടുകൾ പാലിക്കേണ്ട വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly